**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1234** **01-02-2024 - ൽ മറുപടിയ്ക്ക്**

**നാദാപുരം - കുറ്റ്യാടി സംസ്ഥാന പാതയിൽ ബി.സി. ഓവർലേ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം - കുറ്റ്യാടി സംസ്ഥാന പാതയിലെ ബി.സി. ഓവർലേ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ; | (എ) | നാദാപുരം - കുറ്റ്യാടി സംസ്ഥാന പാതയിലെ ബി.സി. ഓവർലേ പ്രവൃത്തിക്ക് മുമ്പായി ചെയ്യേണ്ട വാട്ടർ അതോറിറ്റി റീസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ബി.സി. ഓവർലേ പ്രവൃത്തികളുടെ ഇനീഷ്യൽ ലെവൽ അളന്ന് അംഗീകാരത്തിനായി ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. കുറ്റ്യാടി മുതൽ കക്കട്ടിൽ വരെയുള്ള ഭാഗം പൂർത്തിയാക്കുന്നതിന്, ടെണ്ടർ നടപടികളിന്മേൽ കരാറുകാരൻ നൽകിയ കേസിൽ തീരുമാനം വരേണ്ടതുണ്ട്. |
| (ബി) | നാദാപുരം - കുറ്റ്യാടി സംസ്ഥാന പാതയിലെ കക്കട്ടിൽ എന്ന സ്ഥലത്ത് ജല വിതരണത്തിനായി കുഴിച്ച ഭാഗങ്ങളിൽ റോഡിന്റെ തകരാർ പരിഹരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | പരിഹരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ